**LBS CENTRE FOR SCIENCE AND TECHNOLOGY**
(A Government of Kerala Undertaking)
Nandavanam, Palayam, Thiruvananthapuram - 695 033, Kerala
Phone: 0471 - 2324396, 2324148, 2324101; Fax: 0471 - 2337055
Email: director.lbs@kerala.gov.in; Website: www.lbscentre.kerala.gov.in

Ref. No. B9/2205/2026 09.10.2026

# സംസ്ഥാനതല പ്രസിദ്ധീകരണത്തിന്

## പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക്ക് നഴ്സിംഗ് കോഴ്സിന് 2026–27 അദ്ധ്യയന വർഷത്തെ പ്രവേശനത്തിനായി അപേക്ഷ ക്ഷണിക്കുന്നു

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് കാമ്പസ്സിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആന്റ് ന്യൂറോസയൻസ്സ്[IMHANS] നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള പോസ്റ്റ് ബേസിക് ഡിപ്ലോമ ഇൻ സൈക്യാട്രിക് നഴ്സിംഗ് കോഴ്സിന് 2026–27 വർഷത്തെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. പ്രോസ്പെക്ടസ്സ് www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. എൽ.ബി.എസ് സെന്റർ ഡയറക്ടറുടെ വെബ്സൈറ്റ് വഴി ഓൺലൈനായി 2026 ഒക്ടോബർ 10 മുതൽ 19 വരെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ജനറൽ, എസ്.ഇ.ബി.സി എന്നീ വിഭാഗത്തിന് 1500 രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 1250 രൂപയുമാണ് അപേക്ഷാ ഫീസ്. 2026 ഒക്ടോബർ 17 നകം ഓൺലൈൻ മുഖേനയോ അല്ലെങ്കിൽ വെബ്സൈറ്റിലൂടെ ലഭിക്കുന്ന ചെല്ലാൻഫോറം ഉപയോഗിച്ച് കേരളത്തിലെ ഏതെങ്കിലും ഫെഡറൽ ബാങ്കിന്റെ ശാഖകളിലൂടെയോ അപേക്ഷാഫീസ് ഒടുക്കാവുന്നതാണ്. തുടർന്ന് അപേക്ഷാനമ്പർ, ചെല്ലാൻ നമ്പർ ഇവ ഉപയോഗിച്ച് അപേക്ഷാഫോറം ഓൺലൈനായി സമപ്പിക്കേണ്ടതാണ്.

**അപേക്ഷകർ കേരള ഹയർ സെക്കണ്ടറി ബോർഡ് നടത്തുന്ന പ്ലസ് ടൂ അല്ലെങ്കിൽ തത്തുല്യ പരീക്ഷ പാസ്സായിരിക്കണം. ഇൻഡ്യൻ നഴ്സിംഗ് കൗൺസിലും ബന്ധപ്പെട്ട സ്റ്റേറ്റ് കൗൺസിലും അംഗീകരിച്ച GNM കോഴ്സ് അല്ലെങ്കിൽ പോസ്റ്റ് ബേസിക് ബി.എസ്.സി. നഴ്സിംഗ്/ബി.എസ്.സി. നഴ്സിംഗ്പാസ്സായിരിക്കണം. അപേക്ഷകർക്ക് കേരള നഴ്സസ് ആൻഡ് മിഡ്വൈഫ്സ് കൗൺസിലിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കണം.**

**എൽ.ബി.എസ്സ് ഡയറക്ടർ തിരുവനന്തപുരം, എറണാകുളം എന്നീ പരീക്ഷാ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്ന ഒരു പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിൽ നിന്നും പ്രത്യേക/നിർദ്ദേശാനുസൃത സംവരണത്തിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം.**

**കൂടുതൽ വിവരങ്ങൾക്ക് 04712560361, 362, 363, 364 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.**

**ഡോ. ജയമോഹൻ. ജെ**
**ഡയറക്ടർ**